(എഫ്) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി വയോജനങ്ങൾക്കായി "ഏകോപിത പരിപാടി" എന്ന പേരിൽ വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ, മെഡികെയർ സെന്ററുകൾ തുടങ്ങിയവ നടത്തുന്നതിനുവേണ്ടി സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിപ്രകാരം സന്നദ്ധസംഘടനകളുടെ കേന്ദ്രസഹായത്തിനുള്ള അപേക്ഷകൾ സാമൂഹ്യക്ഷേമ വകുപ്പ് വഴിയാണ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത് എന്നാൽ ഈ പദ്ധതിപ്രകാരം സന്നദ്ധ സംഘടനകൾക്ക് കേന്ദ്രസർക്കാർ നേരിട്ടാണ് ധനസഹായം അനുവദിക്കുന്നത്.

സാമൂഹ്യക്ഷേമ വകുപ്പിലെ ക്ഷേമ പെൻഷനുകൾ

37 [2164] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പിൽ നിലവിൽ ഏതെല്ലാം ക്ഷേമപെൻഷനുകളാണ് വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പെൻഷനും എത്ര മാസത്തെ കുടിശ്ശികയുണ്ട്?

ഉത്തരം

(എ) അംഗവൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും ഉള്ള പ്രത്യേക പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പ് വിതരണം ചെയ്യുന്നത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പാക്കിയ പദ്ധതികൾ

38 [2165] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 മുതൽ 2003-2004 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കിയ പദ്ധതികൾ, ബജറ്റിൽ വിലയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ അടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷവും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടും പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കുവാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2003-2004 വരെ സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെയും ബഡ്ജറ്റ് വിഹിതം, ചെലവഴിച്ച തുക എന്നിവയുടെയും സ്റ്റേറ്റ്മെന്റുകൾ ഉള്ളടക്കം ചെയ്യുന്നു†.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly